"ഭരണഭാഷ – മാതൃഭാഷ"

നം: എൻ3/89078/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 05/01/2016

# സർക്കുലർ

**വിഷയം :-** പൊതുവിദ്യാഭ്യാസം-നാഷണൽ സ്കീം ഓഫ് ഇൻസന്റീവ് ടു ഗേൾസ് ഫോർ സെക്കന്ററി എഡ്യൂക്കേഷൻ (NSIGSE) 2015-16-അർഹരായ കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്.

****

പട്ടികജാതി, പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി 2008-2009 വർഷം മുതൽ ഭാരത സർക്കാർ **'ഇൻസന്റീവ് ടു ഗേൾസ് ഫോർ സെക്കന്ററി എഡ്യൂക്കേഷൻ'** എന്ന സ്കൊളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2015-16 അദ്ധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിക്കുന്നതും 16 വയസ്സ് തികയാത്തവരും അവിവാഹിതരുമായ പെൺകുട്ടികൾക്കാണ് സ്കോളർഷിപ്പിന് അർഹത. പ്രൈവറ്റ് അൺ-എയ്ഡഡ് സ്കൂളുകളിലും കേന്ദ്ര ഗവൺമെന്റ് സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല.

അർഹതയുള്ള കുട്ടികൾ കോർ ബാങ്കിങ് സൗകര്യമുള്ള ഏതെങ്കിലും ബാങ്കിൽ സിംഗിൾ ബാങ്ക് അക്കൗണ്ട് എടുക്കേണ്ടതാണ്. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ്, ബാങ്കിന്റെ പേര്, ബ്രാഞ്ചിന്റെ പേര്, ആധാർ നമ്പർ, എ.പി.എൽ/ബി.പി.എൽ ആണോ എന്നിവ ഉൾപ്പെടെ ആവശ്യപ്പെട്ടിട്ടുള്ള മറ്റ് വിവരങ്ങളും **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് അതാത് സ്കൂളിലെ പ്രധാനാദ്ധ്യാപകരോ അദ്ദേഹം ചുമതലപ്പെടുത്തുന്നവരോ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി 'സമ്പൂർണ്ണ'യ്ക്കുവേണ്ടി നൽകിയിട്ടുള്ള user name, password എന്നിവ കൊടുത്ത് ലോഗിൻ ചെയ്യേണ്ടതാണ്. പ്രധാനാദ്ധ്യാപകർക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

**ജനുവരി 8 മുതൽ ഫെബ്രുവരി 10 വരെ** വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്താവുന്നതാണ്. അതിനുശേഷം യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല. അർഹതയുള്ള കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്താത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകനായിരിക്കും.

അർഹരായ എല്ലാ കുട്ടികളുടെയും വിവരങ്ങൾ പൂർണ്ണമായും ലഭിച്ചതിനും ശേഷം കൺസോളിഡേറ്റഡ് ലിസ്റ്റ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺ ലൈനായിട്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് നൽകുകയാണ് ചെയ്യുന്നത്. ടി മന്ത്രാലയം ഓരോ വിദ്യാർത്ഥിനിയുടെയും പേരിൽ 3000/- (മൂവായിരം രൂപ) നിക്ഷേപിക്കുന്നതും പത്താംതരം വിജയിക്കുകയും 18 വയസ്സ് പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് ടി തുകയോടൊപ്പം പലിശയും ചേർന്ന തുക ബാങ്കിൽ നിന്നും ലഭിക്കുന്നതുമാണ്.

..2..

ഈ വർഷം മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് പ്രധാനാദ്ധ്യാപകർ രേഖപ്പെടുത്തിയ കുട്ടികളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ക്രമീകരണം വെബ് സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതിനായി 'സമ്പൂർണ്ണ'യ്ക്ക് വേണ്ടി നൽകിയിട്ടുള്ള user name, password എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- വെബ്സൈറ്റിൽ പ്രവേശിച്ചതിനു ശേഷം അർഹരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് കാണാവുന്നതാണ്. ടി ലിസ്റ്റിൽ അർഹരായ കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.
- സമയപരിധിക്കുള്ളിൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തന്നതിലേക്കായി പ്രധാനാദ്ധ്യാപകർക്ക് കർശന നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- പ്രധാനാദ്ധ്യാപകർ അർഹരായ മുഴുവൻ കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയശേഷം കുട്ടികളുടെ ലിസ്റ്റിന്റെ പ്രിന്റ് എടുത്ത് പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

V.L VISWALATHA
Addl.Director of Public Instruction ( Academic)
Directorate of Public Instruction
Thiruvananthapuram-14

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും